ഉത്തരം

(എ-സി) കായിക പ്രതിഭാ വികസനം ലക്ഷ്യമിട്ടുകൊണ്ട് സെന്റർ ഓഫ് എക്സലൻസ്, ഗോ ഫോർ ഗോൾഡ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

എലൈറ്റ് അത്ലറ്റിക് ട്രെയിനിംഗ് സെന്റർ (EATC) എന്ന പേരിൽ കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഒരു സ്ഥാപനം ഗോ ഫോർ ഗോൾഡ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിനുപുറമേ വിവിധ കേന്ദ്രങ്ങളിലായി അത്ലറ്റിക്സ്, അക്വാട്ടിക്സ്, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ എന്നിവയിൽ സെന്റർ ഫോർ എക്സലൻസ് ആരംഭിക്കുന്നതിനും കേരള സ്പോർട്സ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

കായികതാരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതി

247 (1975) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായികതാരങ്ങൾക്ക് നിലവിൽ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് പെൻഷൻ നൽകി വരുന്നുണ്ട് ; എത്ര തുക വീതമാണ് നൽകിവരുന്നത് ;

(സി) പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എത്രയായി വർദ്ധിപ്പിക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 168 പേർക്ക്. അവകാശ കായികതാര പെൻഷൻ വയസ്സടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

70 വയസ്സിനുമുകളിൽ	-	1000 രൂപ
60 വയസ്സിനുമുകളിൽ	-	750 ,,
55 വയസ്സിനുമുകളിൽ	-	500 ,,

(സി) ഇല്ല

സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ

248 (1976) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള നിയമപ്രകാരം കേരള സ്പോർട്സ് കൗൺസിലിൽ സെക്രട്ടറിയായി നിയമിക്കപ്പെടുന്നയാൾ സംസ്ഥാന സർവ്വീസിലെ ഏത് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണമെന്നുള്ളത് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ സെക്രട്ടറിസ്ഥാനം വഹിക്കുന്നയാൾ ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് ; അദ്ദേഹം സർക്കാർ ഉദ്യോഗസ്ഥനാണോ ; അദ്ദേഹത്തിന്റെ വിദ്യാഭ്യാസയോഗ്യത എന്താണ് ; ഇത് ഏത് യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ചതാണ് ; ഇതിന് കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ അംഗീകാരമുണ്ടോ ;

(സി) സെക്രട്ടറിയുടെ വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) കേരള സ്പോർട്സ് കൗൺസിലിൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടുണ്ടോ ;

(ഇ) 2006-11 കാലയളവിൽ കേരള സ്പോർട്സ് കൗൺസിലിൽ താൽക്കാലികമായി എത്രപേരെ നിയമിച്ചിട്ടുണ്ട് ; ഇതിൽ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവർ എത്ര ;

(എഫ്) ഇങ്ങനെ സേവനമനുഷ്ഠിക്കുന്നവരിൽ സർക്കാർ സർവ്വീസിലുണ്ടായിരുന്നപ്പോൾ സാമ്പത്തികബാധ്യത വരുത്തിയ ആരെങ്കിലും ഉണ്ടോ ;

(ജി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥൻ എത്ര രൂപയുടെ ബാധ്യതയാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(എച്ച്) സർക്കാരിന് സാമ്പത്തികബാധ്യത വരുത്തിയ ഉദ്യോഗസ്ഥൻ സർവ്വീസിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സ്പോർട്സ് ആക്ട് 2000 (2001-ലെ 2)-ലെ നാലാം വകുപ്പ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സംസ്ഥാന സർക്കാർ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണം.

(ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അത്ലറ്റിക് കോച്ചായിരുന്നു. മറ്റു വിവരങ്ങൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ശേഖരിച്ചു നല്കുന്നതാണ്.

(സി) ഇല്ല.

(ഡി) സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട്സ് സ്പോർട്സ് കൗൺസിൽസ്) ഓർഡിനൻസ് 2010 പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ-എച്ച്) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly